(ഡി) ഈ ഗവൺമെന്റ് നിർദ്ദേശം നടപ്പിലാക്കാത്ത ആരുടെയെങ്കിലും പേരിൽ നടപടികൾ എടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള കാരണം എന്തെന്ന് അറിയിക്കുമോ;

(ഇ) പ്രസ്തുത സർക്കാർ നിർദ്ദേശത്തിനുശേഷം ലോക്കൽ ഫണ്ട് ഡയറക്ടർ പുറപ്പെടുവിച്ചിട്ടുള്ള ഇൻസ്പെക്ടർ, ഓഡിറ്റർ വിഭാഗം ജീവനക്കാരുടെ സ്ഥലംമാറ്റം, പ്രമോഷൻ എന്നിവ സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കത്തിന്റെ പകർപ്പ് ലഭ്യമാക്കിയിട്ടുണ്ട്.

(സി) നിർദ്ദേശം പാലിക്കപ്പെടുന്നുണ്ട്.

(ഡി) ഉത്തരം 'സി' യുടെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(ഇ) ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.+

38 (1001) ഓഡിറ്റ് പരിധിയിൽ ഉൾപ്പെടുത്തേണ്ട സ്ഥാപനങ്ങൾ

ശ്രീമതി ശോഭനാ ജോർജ് :

ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമപ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ ഓഡിറ്റ് പരിധിയിൽ ഉൾപ്പെടുത്തേണ്ടതും എന്നാൽ ഇനിയും ഉൾപ്പെടുത്തിയിട്ടില്ലാത്തതുമായ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് ഗവൺമെന്റ് വിശദമാക്കുമോ;

(ബി) ഈ സ്ഥാപനങ്ങളെ എന്നേയ്ക്ക് ലോക്കൽഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പരിധിയിൽപ്പെടുത്താനാകുമെന്നാണ് ഗവൺമെന്റ് കരുതുന്നതെന്ന് വിശദമാക്കുമോ;

(സി) ഇക്കാര്യം സംബന്ധിച്ച് ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കുമോ;

ഉത്തരം

(എ) 1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിന്റെ ഷെഡ്യൂളിൽ ഓഡിറ്റ് നടത്തേണ്ട 52 സ്ഥാപനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇനിയും ഉൾപ്പെടുത്തേണ്ട സ്ഥാപനങ്ങൾ ഉണ്ടോ എന്ന് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ശ്രദ്ധയിൽ വന്നാൽ ടി ആക്ടിന്റെ പരിധിയിൽ ഉൾപ്പെടുത്തുന്നതാണ്.

(ബി)&(സി) ഉത്തരം 'എ' യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

39 (1002) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഓഡിറ്റ്

ശ്രീമതി രാധാ രാഘവൻ :

ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly